**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 957** — **02-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികവിഭാഗക്കാരുടെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവിഭാഗക്കാരുടെ ഉന്നമനത്തിനായി 2021 മുതൽ 2025 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ വിവിധ പദ്ധതികളിലായി സംസ്ഥാന ബജറ്റിൽ വകയിരുത്തിയിരുന്ന ആകെ തുകയെത്രയെന്ന് വ്യക്തമാക്കാമോ; | (എ) | 2021 മുതൽ 2025 വരെയുള്ള അക്കൗണ്ടുകൾ സംബന്ധിച്ച കൃത്യമായ വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | ആയതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;ഇതിൽ ഓരോ വർഷം നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ഏതെന്നും ഓരോന്നിനും എത്ര തുക വീതം ചെലവഴിച്ചെന്നും അറിയിക്കാമോ; | (ബി) | 2021 മുതൽ 2025 വരെയുള്ള അക്കൗണ്ടുകൾ സംബന്ധിച്ച കൃത്യമായ വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | ഏതൊക്കെ പദ്ധതികളിൽ ഈ വർഷം തുകയൊന്നും ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ടെന്ന് അറിയിക്കാമോ;ഇപ്രകാരം സംഭവിക്കാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | **പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>നടപ്പ് വർഷം എല്ലാ പദ്ധതികളും നടപ്പിലാക്കി തുക ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>**പട്ടികജാതി വികസന വകുപ്പ്**<br><br>ഈ വർഷം തുകയൊന്നും ചെലവഴിക്കാതെ അവശേഷിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| പദ്ധതി | കാരണം |
|---|---|
| പൗരാവകാശ സംരക്ഷണ നിയമവും 1898 ലെ അതിക്രമങ്ങൾ തടയൽ നിയമവും നടപ്പാക്കൽ | 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. കേന്ദ്രവിഹിതം ലഭ്യമാകാത്തതിനാൽ 2025-26 വർഷം പദ്ധതി നടപ്പിലായിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | | | പട്ടികജാതി ഉപപദ്ധതിയിലെ പ്രത്യേക പ്രോജക്ടുകൾക്കായി പൂൾഡ് ഫണ്ട് | പദ്ധതിയ്ക്ക് നടപ്പ് സാമ്പത്തിക വർഷം പ്രൊപ്പോസലുകളൊന്നും ലഭിച്ചിട്ടില്ല. മുൻവർഷത്തെ പദ്ധതികൾക്ക് തുക നൽകുന്നതിന് നടപടി എടുത്തു വരുന്നു. |
| | | | | വാത്സല്യ നിധി | ശീർഷകത്തിൽ നടപ്പ സാമ്പത്തിക വർഷം 1 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നിലവിൽ കേന്ദ്ര സർക്കാർ PMJJBY പദ്ധതി 01/06/2020 ൽ നിർത്തലാക്കിയതിനാൽ വാത്സല്യ നിധി പദ്ധതിയുടെ പ്രധാന ആകർഷണീയത നഷ്ടപ്പെട്ടുകയുണ്ടായി. മേൽ ആനുകൂല്യങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ പദ്ധതി പുന:പരിശോധിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തു. ആയത് പ്രകാരം നിലവിൽ LIC യിൽ ശേഷിക്കുന്ന തുക ഉപയോഗിച്ച് ടി പദ്ധതിയെ പരിഷ്കരിക്കുന്നതിനായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് പ്രൊപ്പോസലുകൾ സ്വീകരിച്ചു ആവിശ്യമായ തുടർനടപടികൾ സ്വീകരിച്ചു വരുന്നു |
| | | | | എല്ലാ ജില്ലകളിലും വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ | ടി പദ്ധതി നിർവ്വഹണത്തിനായി പ്രൊപ്പോസലുകൾ ഒന്നും ലഭിക്കാത്തതിനാൽ നടപ്പ് സാമ്പത്തിക വർഷം പദ്ധതിയ്ക്കായി Tocken Amount മാത്രമാണ് വകയിരുത്തിയിരിക്കുന്നത് |
| | | | | മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കും ഹോസ്റ്റലുകൾക്കും കെട്ടിട നിർമ്മാണത്തിന് ഭൂമി വാങ്ങൽ | ടി പദ്ധതി നിർവ്വഹണത്തിനായി പ്രൊപ്പോസലുകൾ ഒന്നും നിലവിലില്ലാത്തതിനാൽ നടപ്പ് സാമ്പത്തിക വർഷം പദ്ധതിയ്ക്കായി Tocken Amount മാത്രമാണ് വകയിരുത്തിയിരിക്കുന്നത് |
| | | | | ഭവനരഹിത പട്ടികജാതിക്കാർക്ക് ഭവന പദ്ധതി (ലൈഫ് മിഷൻ) | 2025-26 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗക്കാരുടെ ഭവന നിർമ്മാണത്തിനായി ലൈഫ് മിഷന് അനുവദിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 300 കോടി രൂപയിൽ 105 കോടി രൂപ BAMS ൽ സീലിംഗ് മാറി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ടി തുക ലൈഫ് |

| | | | | | |
|---|---|---|---|---|---|
| | | | | | മിഷന് അനുവദിച്ച് ഉത്തരവാകുകയും പ്രസ്തുത തുക ലൈഫ് മിഷന്റെ ട്രഷറി അക്കൗണ്ടിലേയ്ക്ക് മാറ്റി നൽകുന്ന തിലേയ്ക്കായി ധനകാര്യവകുപ്പിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ളതുമാണ് |
| | | | | അടിസ്ഥാന സൗകര്യങ്ങളിലെ നിർണ്ണായക വിടവുകൾ പരിഹരിക്കുന്നതിനു ള്ള പ്രത്യേക പാക്കേജ് | പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലകൾക്ക് നടപ്പ് വർഷം തെരഞ്ഞെടുക്കേണ്ട ഗ്രാമങ്ങളുടെ എണ്ണം നിശ്ചയിച്ചു നൽകിയിട്ടുണ്ട്. ആയത് ജില്ലാ തലത്തിലുള്ള DLCCയിൽ ചർച്ച ചെയ്തു ഭരണാനുമതി നൽകുകയും ചെയ്യേണ്ടതുണ്ട്. ടി നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ചെലവ് നല്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ